**മധുരമായ കുട്ടികളെ - നിങ്ങൾ ബ്രാഹ്മണർക്ക് ഈശ്വരന്റെ മടിത്തട്ട് ലഭിച്ചിരിക്കുന്നു, നിങ്ങൾക്ക് ലഹരിയുണ്ടായിരിക്കണം ബാബ ഈ ശരീരത്തിലൂടെ നമ്മളെ തന്റേതാക്കി മാറ്റിയിരിക്കുന്നു.**

**ചോദ്യം** - ബാബ ഏതൊരു ദിവ്യകർത്തവ്യം ചെയ്തതിനാലാണ് ബാബയുടെ മഹിമ ഇത്രയും പാടപ്പെടുന്നത്?
**ഉത്തരം** - പതിതരെ പാവനമാക്കൽ. എല്ലാ മനുഷ്യരെയും മായാ രാവണന്റെ ചങ്ങലയിൽ നിന്ന് മോചിപ്പിക്കൽ - ഈ ദിവ്യ കർത്തവ്യം ബാബ മാത്രമാണ് ചെയ്യുന്നത്. പരിധിയില്ലാത്ത ബാബയിൽ നിന്ന് മാത്രമാണ് പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നത്, അത് പിന്നീട് പകുതി കല്പം വരെ നില നിൽക്കുന്നു. സത്യയുഗത്തിൽ ഗോൾഡൻ ജൂബിലിയാണ്, ത്രേതായിൽ സിൽവർ ജൂബിലി. അത് സതോപ്രധാനം, മറ്റേത് സതോ. രണ്ടിനെയും തന്നെയാണ് സുഖധാമം എന്ന് പറയുന്നത്. ബാബ അങ്ങനെയുള്ള സുഖധാമത്തിന്റെ സ്ഥാപന ചെയ്തിട്ടുണ്ട്, അതിനാലാണ് ബാബയുടെ മഹിമ പാടപ്പെടുന്നത്.

**ഗീതം** - ഇത് നീതിയുടെ ക്ഷേത്രമാണ്.........

**ഓം ശാന്തി.** ബാബയും ദാദയും ഒരുമിച്ച് ചേർന്ന് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. ഇടക്ക് ബാബ മനസ്സിലാക്കി കൊടുക്കുന്നു, ഇടക്ക് ദാദയും മനസ്സിലാക്കി കൊടുക്കുന്നു, എന്തുകൊണ്ടെന്നാൽ ഈ ശരീരം ദാദയുടെയും കൂടി വീടാണ്. പരംപിതാ പരമാത്മാവാണെങ്കിൽ പരംധാമത്തിലാണ് വസിക്കുന്നത്. തീർച്ചയായും ഏതെങ്കിലും സമയത്ത് ഈ ഭാരതം തന്നെ ബാബയുടെ വീടാകുന്നു അപ്പോഴാണല്ലോ ശിവരാത്രി ആഘോഷിക്കപ്പെടുന്നത്. ശിവന് അനേകം ക്ഷേത്രങ്ങളുമുണ്ട്. അതിനാൽ ഭാരത ഖണ്ഡത്തിൽ തന്നെയാണ് ബാബ വരുന്നതെന്ന് തെളിയുന്നു, പതിതരെ പാവനമാക്കി മാറ്റാൻ അഥവാ എല്ലാ മനുഷ്യരെയും മായാരാവണന്റെ ചങ്ങലയിൽ നിന്ന് മോചിപ്പിക്കാൻ, എന്തുകൊണ്ടെന്നാൽ ഇപ്പോൾ രാവണന്റെ രാജ്യമാണ്. രാവണനെ കത്തിക്കുന്നതും ഭാരതത്തിലാണ്. ശിവരാത്രിയും കൃഷ്ണ ജയന്തിയും ഭാരതത്തിൽ തന്നെയാണ് ആഘോഷിക്കുന്നത്. രാവണന്റെ രാജ്യവും പകുതി കല്പം നടക്കുന്നു. പിന്നീട് ബാബ പതിതരെ പാവനമാക്കാൻ വരുന്നു. അത്രമാത്രം ഒരു തവണ മാത്രമാണ് പാവനമാക്കി മാറ്റുന്നത് പിന്നീട് വരുന്നതേയില്ല. ബാബയുടെ പേര് ഭാരതത്തിൽ പ്രസിദ്ധമാണ്. തീർച്ചയായും ഏതോ ദിവ്യമായ കർത്തവ്യം ചെയ്തിട്ടുണ്ട് അതുകൊണ്ടാണ് ബാബയ്ക്ക് മഹിമയുള്ളത്. മനുഷ്യന്, മനുഷ്യനെ പാവനമാക്കാൻ സാധിക്കില്ല. പതിത പാവനനെന്ന് ഒരു ബാബയെ മാത്രമാണ് പറയുന്നത്. സ്വർഗ്ഗം, നരകം ഈ പേരും ഭാരതത്തിൽ തന്നെയാണ്. ഭാരതം 5000 വർഷങ്ങൾക്ക് മുമ്പ് സ്വർഗ്ഗമായിരുന്നു, അതിനെ പരിസ്ഥാൻ എന്നും പറയുന്നു, അതിനാൽ തീർച്ചയായും ബാബയിൽ നിന്നാണ് സമ്പത്ത് ലഭിച്ചിരിക്കുന്നത്. ബാബ എന്ന അക്ഷരം വളരെ മധുരമായി അനുഭവപ്പെടുന്നു. ബാബയിൽ നിന്ന് തന്നെയാണ് സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നത് ആ സുഖം പകുതി കല്പമുണ്ടാകുന്നു. അതിന്റെയാണ് ഗോൾഡൻ ജൂബിലി, സിൽവർ ജൂബിലി ആഘോഷിക്കുന്നത്. സത്യയുഗത്തെ ഗോൾഡൻ ജൂബിലി, ത്രേതായെ സിൽവർ ജൂബിലി എന്ന് പറയുന്നു. ആ സതോപ്രധാനം, സതോ, രണ്ടും ചേർത്ത് സുഖധാമമെന്ന് പറയപ്പെടുന്നു. നമ്പർവൺ ആണ് സൂര്യവംശീ, സെക്കന്റ് നമ്പർ ചന്ദ്രവംശീ. ബാബ എപ്പോഴാണോ ഈ ഭാരത ഖണ്ഡത്തിൽ വരുന്നത് അപ്പോൾ ഭാരതത്തെ പാവനമാക്കുന്നു പിന്നീട് എപ്പോഴാണോ ഭക്തി ആരംഭിക്കുന്നത് അപ്പോൾ കലകൾ കുറയുന്നു. വൃക്ഷം ജീർണ്ണിച്ച് തമോപ്രധാനമായി മാറുന്നു. എല്ലാവരും ഭക്തരായി മാറുന്നു. സന്യാസിയും സാധന ചെയ്യുന്നു ബാബയെ നേടുന്നതിന് വേണ്ടി അതായത് മുക്തി ജീവൻമുക്തിയിൽ പോകുന്നതിന് വേണ്ടി. ബാബയെ ലഭിക്കുന്നതിന് വേണ്ടി അരകല്പം ഭക്തി ചെയ്യുന്നു. എപ്പോഴാണോ ആ സമയം പൂർത്തിയാവുന്നത് അപ്പോൾ വീണ്ടും ഭക്തരെ സുഖിയാക്കുന്നതിന് ബാബ വരുന്നു. സത്യയുഗത്തിലാണെങ്കിൽ സുഖ-ശാന്തി, സമ്പത്ത് എല്ലാമുണ്ട്. അവിടെ ഒരിക്കലും അകാല മൃത്യൂ ഉണ്ടാവുന്നില്ല. ഒരിക്കലും കരയുകയോ വിഷമിക്കുകയോ ചെയ്യുന്നില്ല. ഇത് ആരാണ് മനസ്സിലാക്കി തരുന്നത്? പരിധിയില്ലാത്ത ബാബ, അവരുടെ പേരും വേണമല്ലോ. കലിയുഗത്തിൽ അന്ധകാരമാണ്. ഭക്തിമാർഗ്ഗത്തിന്റെ ബുദ്ധിമുട്ട് അനുഭവിച്ചു കൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിലാണെങ്കിൽ ദു:ഖത്തിന്റെ കാര്യമില്ല, എല്ലാവരും സുഖികളായിരിക്കുന്നു അതിനാൽ ഭഗവാനെ വിളിക്കുന്നില്ല. സത്യയുഗത്തെ സുഖധാമമെന്നും കലിയുഗത്തെ ദു:ഖധാമമെന്നും പറയുന്നു. വല്ലഭാചാരികളായ വൈഷ്ണവർ മനസ്സിലാക്കുന്നു സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ

രാജ്യമായിരുന്നുവെന്ന്. രാജാവിനെയും റാണിയേയും പോലെ തന്നെ പ്രജകളും സുഖികളായിരുന്നു, അതിനെ സ്വർണ്ണിമയുഗം എന്ന് പറയുന്നു. സത്യയുഗം മുതൽ ആരാണോ ചക്രത്തിൽ വരുന്നത് അവർ തന്നെയാണ് 84 ജന്മം എടുക്കുക. കുട്ടികൾക്ക് മനസ്സിലായി ഇത് വൃക്ഷമാണ്. എല്ലാ ഇലകളും ഒരുമിച്ച് വരുകയില്ല. സത്യയുഗത്തിൽ ഒരേയൊരു ദേവീ ദേവതാ ധർമ്മം മാത്രമായിരുന്നു, അതിനെ ഹിന്ദു എന്ന് പറയുകയില്ല. ദേവീ ദേവതകളാണെങ്കിൽ സർവ്വഗുണ സമ്പന്നർ, 16 കലാ സമ്പൂർണ്ണർ എന്ന് പാടപ്പെടുന്നു.. ആരാണോ അവരുടെ പൂജാരികൾ അവർ തീർച്ചയായും അതേ ധർമ്മത്തിലുള്ളവരായിരിക്കണം. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ഓർമ്മിക്കുന്നു അപ്പോൾ ആ ധർമ്മത്തിലേതാണല്ലോ. പിന്നീട് ഭാരതവാസികൾ തങ്ങളുടെ ദേവീ ദേവതാധർമ്മത്തെ അപ്രത്യക്ഷ മാക്കിയത് എന്തുകൊണ്ടാണ്?

നിങ്ങൾക്കറിയാം നമ്മൾ തന്നെയായിരുന്നു ദേവത. നമ്മൾ തന്നെയാണ് ജനന-മരണത്തിൽ വരുന്നത്. നമ്മൾ തന്നെയാണ് ദേവതാ, ക്ഷത്രിയരാകുന്നത്. 84 ജന്മങ്ങളെടുത്തെടുത്ത് അവസാനം വന്ന് ശൂദ്രരാകുന്നു. ശൂദ്രന് പിന്നെ ബ്രാഹ്മണനാകേണ്ടതുണ്ട്. ബ്രാഹ്മണർ ബ്രഹ്മാവിന്റെ സന്താനങ്ങളാകുന്നു. എല്ലാ ആത്മാക്കളും വാസ്തവത്തിൽ ശിവന്റെ സന്താനങ്ങൾ തന്നെയാണ്. അതാണ് പരിധിയില്ലാത്ത ബാബ. അവരെ പരംപിതാ പരമാത്മാവ്, അല്ലയോ ഗോഡ് ഫാദർ അഥവാ ഹെവൻലി ഗോഡ് ഫാദർ എന്ന് പറയുന്നു. അവരാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. ഇപ്പോൾ കുട്ടികൾക്ക് ബുദ്ധികൊണ്ട് മനസ്സിലാക്കണം. എപ്പോഴാണോ ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത് അപ്പോൾ എന്തുകൊണ്ട് നമുക്ക് പുതിയ ലോകത്തിന്റെ അവകാശിയായി മാറിക്കൂടാ. ഇപ്പോൾ ആ പുതിയ ലോകം പഴയതായി കഴിഞ്ഞു വീണ്ടും എങ്ങനെ പുതിയ ലോകമായിത്തീരും? ഗാന്ധിജിയും പാടിയിരുന്നല്ലോ പുതിയ രാമ രാജ്യം, പുതിയ ഭാരതം എന്ന്. നമുക്കറിയാം ഇപ്പോൾ അത് സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർക്ക് ഈശ്വരീയ മടിത്തട്ട് ലഭിച്ചിരിക്കുകയാണ്, പരിധിയില്ലാത്ത ബാബയെ പ്രാക്ക്ടിക്കലായി തങ്ങളുടേതാക്കി മാറ്റി. അല്ലയോ ഗോഡ് ഫാദർ ദയ കാണിക്കൂ-ഇപ്രകാരം എല്ലാവരും പറഞ്ഞു കൊണ്ടിരിക്കുന്നുണ്ട് . പക്ഷെ ഈ സമയം ബാബ വന്ന് ഈ ശരീരത്തിലൂടെ നിങ്ങളെ തന്റേതാക്കി മാറ്റിയിരിക്കുകയാണ്. ആ കലിയുഗീ ബ്രാഹ്മണർ ശാരീരിക സന്താനങ്ങളാണ്, നമ്മൾ ബ്രഹ്മാ മുഖ വംശാവലീ ബ്രാഹ്മണരാണ്. പ്രജാപിതാ ബ്രഹ്മാവ് ഉണ്ടാവുമ്പോഴാണല്ലോ ഇത്രയും ബ്രാഹ്മണർ ജന്മമെടുക്കുക. അതിനാൽ ഇത് മുഖവംശാവലികളാണ്. പരംപിതാ പരമാത്മാവ് ദത്തെടുത്തിരിക്കുകയാണ് - ബ്രഹ്മാമുഖത്തിലൂടെ, അപ്പോൾ മാതാവുമായി. അങ്ങ് മാതാവും പിതാവും.... അല്ലയോ ബാബാ അങ്ങ് ഞങ്ങളെ ബ്രഹ്മാ മുഖത്തിലൂടെ അങ്ങയുടെതാക്കി മാറ്റി. ഇതും മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ജ്ഞാന സാഗരൻ ഒരു ബാബ മാത്രമാണ്. ജ്ഞാനത്തിലൂടെ തന്നെയാണ് സദ്ഗതി അർത്ഥം പകൽ ഉണ്ടാകുന്നത്. അജ്ഞാനത്തിലൂടെ രാത്രിയുണ്ടാകുന്നു. കലിയുഗം രാത്രിയാണല്ലോ, ഇതിനെ ഭക്തിമാർഗ്ഗമെന്ന് പറയുന്നു. ശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിന്റെയാണ്. അതിലൂടെ ആർക്കും ബാബയുടെ അടുത്ത് എത്താനുള്ള വഴി ലഭിക്കുന്നില്ല. ബാബ വരുന്നത് തന്നെ കല്പ-കല്പമാണ്. ശിവരാത്രി ആഘോഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ബാബ വരുന്നുണ്ട്. ബാബക്ക് സ്വന്തം ശരീരമില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരനെയും ദേവത എന്ന് പറയുന്നു. ബ്രഹ്മാ ദേവതാ നമ:, വിഷ്ണു ദേവതാ നമ: പിന്നെ ശിവ പരമാത്മാ നമ:. ബ്രഹ്മാവാണ് ഈ സാകാര വൃക്ഷത്തിലെ പ്രധാനി. ഇപ്പോൾ പ്രാക്ട്ടിക്കലായി ഉണ്ട്. ബാബ വരുന്നത് തന്നെ സംഗമയുഗത്തിലാണ്. ഇപ്പോൾ യാദവരുമുണ്ട് കൗരവരുമുണ്ട് പാണ്ഡവരാണെങ്കിൽ യോഗബലമുള്ള ശക്തിസേനയാണ്. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ശിവബാബ പ്രാക്ടിക്കലായി ബ്രഹ്മാ ശരീരത്തിൽ പ്രവേശിച്ചിരിക്കുകയാണെന്ന്. ആ നിരാകാരനായ ശിവന് ക്ഷേത്രവുമുണ്ട്. ശിവരാത്രി ആഘോഷിച്ച് വരുന്നു. പക്ഷെ ഗവൺമെന്റ് ശിവരാത്രിയുടെ അവധിയും റദ്ദാക്കിയിരിക്കുകയാണ്. എന്നട്ട് മറ്റുള്ളവരുടെ ജയന്തി ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ധർമ്മത്തിന്റെ ശക്തിയാണെങ്കിൽ ഇല്ല അതിനാൽ അധാർമ്മികവും നിയമവിരുദ്ധവും ദരിദ്രവുമായി മാറിയിരിക്കുകയാണ്. പവിത്രതയില്ല,ശാന്തിയില്ല, സമൃദ്ധിയില്ല. ഇതേ ഭാരതത്തിൽ 5000 വർഷങ്ങൾക്ക് മുമ്പ് ഗോൾഡൻ ജൂബിലിയായിരുന്നപ്പോൾ പവിത്രത, ശാന്തി, സമൃദ്ധിയുണ്ടായിരുന്നു. ഒരിക്കലും അകാലമൃത്യു ഉണ്ടായിരുന്നില്ല. ഭാരതത്തെ പോലെ സമ്പന്നമായ വേറെ ഒരു ഖണ്ഡവും ഉണ്ടാവാൻ സാധിക്കില്ല. ഭാരത ഖണ്ഡം ഏറ്റവും ഉയർന്നതാണ്. ഭാരതത്തിന്റെ ചരിത്രവും ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഈ ഭാരതം തന്നെയാണ് പാവനവും പതിതവുമാകുന്നത്. ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് ഈ ചക്രം കറങ്ങി ശൂദ്ര വർണ്ണത്തിൽ വന്നിരിക്കുന്നത്. പിന്നീട് ശൂദ്ര വർണ്ണത്തിൽ നിന്ന് ബ്രാഹ്മണ വർണ്ണത്തിൽ വന്നിരിക്കുന്നു. ദേവതകളെക്കാളും ഉയർന്നതാണ് കുടുമീ ബ്രാഹ്മണ വർണ്ണം. എന്താണോ സത്യയുഗീ ദേവതകളുടെ മഹിമ, അത് ബാബയുടെ മഹിമയിൽ നിന്ന് വേറെയാണ്. ബാബയെ ജ്ഞാന സാഗരൻ, ആനന്ദ സാഗരൻ എന്ന് പറയുന്നു, പിന്നെ ദേവതകളെ സർവ്വ ഗുണ സമ്പന്നർ... എന്ന് പറയും അവിടെ വികാരത്തിന്റെ കാര്യമില്ല. ശാസ്ത്രങ്ങളിൽ ഒരുപാട് കിംവദന്തികളാണ് കൃഷ്ണപുരിയിൽ കംസൻ, രാവണൻ മുതലായവർ ഉണ്ടായിരുന്നു. വാസ്തവത്തിൽ

ഈ സമയം കംസപുരിയാണ്. പിന്നീട് സത്യയുഗത്തിൽ കൃഷ്ണപുരിയുണ്ടാകും. ഇത് സംഗമമാണ്, അതിനാൽ തന്നെയാണ് അവർ കംസൻ ജരാസന്ധൻ, രാവണൻ എന്നിവരെ സത്യയുഗീ ദേവതകളുമായി ഒരുമിച്ചാക്കിയിരിക്കുന്നത്. ഇത് തന്നെയാണ് ആസുരീയ രാവണ സമ്പ്രദായം. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സമ്പ്രദായത്തിലായിരിക്കുന്നു. ഈശ്വരീയ മടിത്തട്ടിൽ വന്ന് പവിത്രമായി മാറിയാൽ പിന്നെ 21 ജന്മത്തേക്ക് ദൈവീക മടിത്തട്ടിൽ പോകുന്നു. 8 ജന്മം ദൈവീക മടിത്തട്ട് പിന്നെ 12 ജന്മം ക്ഷത്രിയ മടിത്തട്ട്. ഭാരതത്തിൽ തന്നെയാണ് പാടപ്പെടുന്നത് കന്യക 21 കുലത്തെ ഉദ്ധരിക്കുന്നുവെന്ന്. അതിനാൽ നിങ്ങൾ തന്നെയാണ് ആ കുമാരിമാർ.

ഇപ്പോൾ നിങ്ങൾ ഈശ്വരീയ കുലത്തിലെയാണ്. മുത്തശ്ശൻ ശിവബാബയും അച്ഛൻ ബ്രഹ്മാവും. നിങ്ങൾ ബ്രഹ്മാകുമാരനും കുമാരിയും. സമ്പത്ത് ആ പരിധിയില്ലാത്ത ബാബയിൽ നിന്നാണ് ലഭിക്കുന്നത്. നൽകുന്നയാൾ ബാബയാണ്. ബാബയാണെങ്കിൽ നിരാകാരനാണ്. ഇപ്പോൾ ബാബ എങ്ങനെ രാജയോഗം പഠിപ്പിക്കും. നരനിൽ നാരായണനാക്കാൻ തീർച്ചയായും സാകാര ശരീരം വേണം. അതിനാൽ 84 ജന്മമെടുത്ത ഈ പതിത ശരീരത്തിൽ വരുന്നു. ഇത് വലുതിലും വലിയ യൂണിവേഴ്സിറ്റിയാണ്. ഇവിടെ സ്വയം ഈശ്വരനിരുന്ന് രാജയോഗം പഠിപ്പിക്കുന്നു, രാജാക്കന്മാരുടെയും രാജാവാക്കാൻ. ഗീതയുടെ രചയിതാവ് കൃഷ്ണനല്ല. ഗീതാമാതാവ് കൃഷ്ണന് ജന്മം നൽകിയിരിക്കുകയാണ്. ആരാണോ ദേവതയാവുന്നത് അവർക്ക് ശിവബാബയിൽ നിന്ന് ജന്മം ലഭിക്കുന്നു. ക്രിസ്ത്യൻസിന് ബൈബിളിലൂടെ ക്രിസ്തു മുഖേന ജന്മം ലഭിച്ചു. നിങ്ങളെയും ആരാണ് ബ്രാഹ്മണനിൽ ദേവതയാക്കിയത്? ശിവബാബ ബ്രഹ്മാമുഖത്തിലൂടെ. ഇത് നിങ്ങളുടെ പരിധിയില്ലാത്ത സന്യാസമാണ്. അത് പരിധിയുള്ള രജോഗുണീ സന്യാസമാണ്. അത് നിവൃത്തി മാർഗ്ഗത്തിന്റെ സന്യാസമാണ്. നിങ്ങൾക്ക് ഈ പഴയ മോശമായ ലോകത്തോട് വൈരാഗ്യം വന്നിരിക്കുകയാണ്. നിങ്ങൾക്കറിയാം ഇതാണെങ്കിൽ ഇപ്പോൾ നശിക്കാൻ പോകുന്നതാണ്. എന്തുകൊണ്ട് ഇതിൽ നിന്നും നമ്മൾ സ്വർഗ്ഗത്തിന്റെ രചയിതാവിനെ ഓർമ്മിച്ചുകൂടാ. ബാബ പറയുന്നു അരുമ സന്താനങ്ങളെ, നിങ്ങൾ അനേകം ജന്മങ്ങൾക്ക് ശേഷം വന്ന് കണ്ടു മുട്ടിയിരിക്കുകയാണ്. നിങ്ങൾ പൂർണ്ണമായി 84 ജന്മമെടുത്തിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾക്ക് വീണ്ടും ദേവതാ വർണ്ണത്തിൽ പോകണം. ഇതിൽ ഒരുപാട് പത്ഥ്യവുമുണ്ട്, അശുദ്ധമായ വസ്തു കഴിക്കാൻ പാടില്ല. ബാബ പറയുന്നു ഞാൻ സംഗമത്തിൽ വരുന്നത് തന്നെ മുഷിഞ്ഞ വസ്ത്രങ്ങളെ പാവനമാക്കാനാണ്. ഇപ്പോൾ മരണം മുന്നിൽ നിൽക്കുകയാണ്. യാദവരും കൗരവരും പാണ്ഡവരുമുണ്ട് അതിനാൽ തീർച്ചയായും പാണ്ഡവപതിയുമുണ്ടാകും. പാണ്ഡവ പതി/പിതാവ് എന്ന് പരമാത്മാവിനെയാണ് പറയുക. നിങ്ങൾ പിന്നെ വഴികാട്ടികളാണ്. സുഖധാമം, ശാന്തിധാമത്തിന്റെ വഴി പറഞ്ഞു കൊടുക്കുന്നു, അതിനാൽ നിങ്ങളെ പാണ്ഡവ ശിവശക്തി സേനയെന്ന് പറയുന്നു. യാദവർ യൂറോപ്പ് വാസികളാണെങ്കിൽ തങ്ങളുടെ തന്നെ കുലത്തിന്റെ നാശം ചെയ്യുന്നു. ഭാരതത്തിലാണ് പാണ്ഡവരും കൗരവരും - അവരെക്കുറിച്ചാണ് പറയുന്നത് അസുരന്മാരും ദേവന്മാരുടെയും യുദ്ധം നടന്നുവെന്ന്. നിങ്ങളിപ്പോൾ ദേവതയല്ല, ആകണം. ശ്രീമതത്തിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാവുന്നു. ബാക്കി എല്ലാവരുടെയും ആസുരീയ രാവണ മതമാണ്. അരകല്പം രാവണന്റെ മതം നടക്കുന്നു. ഇപ്പോഴാണെങ്കിൽ മുഴുവൻ ലോകവും തമോപ്രധാനമാണ്. ഇത് രുദ്രജ്ഞാന യജ്ഞമാണ്, ഇവിടെ ബാബയിരുന്ന് രാജയോഗം പഠിപ്പിക്കുന്നു. എപ്പോഴാണോ രാജ്യം സ്ഥാപിക്കപ്പെടുന്നത് അപ്പോൾ വിനാശജ്വാല പ്രജ്വലിതമാകുന്നു, ഈ ജ്ഞാനം പ്രായലോപമാകുന്നു. പിന്നീട് ഡ്രാമയനുസരിച്ച് ഭക്തിമാർഗ്ഗത്തിന്റെ ഏതെല്ലാം ശാസ്ത്രങ്ങളുണ്ടോ, അത് തന്നെ വരും. സന്യാസിമാർക്ക് ഒരുപാട് അനുയായികൾ ഉണ്ടാകും. എല്ലാവരും പാപം കഴുകാൻ ഗംഗയിൽ പോകുന്നു. ഇപ്പോൾ ഗംഗാനദിക്ക് ആരെയും പാവനമാക്കാൻ കഴിയില്ല. അതാണെങ്കിൽ വെള്ളത്തിന്റെ സാഗരത്തിൽ നിന്ന് വന്നിട്ടുള്ളതാണ്. നിങ്ങൾ ജ്ഞാന ഗംഗകളാണ്, ജ്ഞാന സാഗരത്തിൽ നിന്ന് വന്നവരാണ്. ബാക്കി ഗംഗ പതിത പാവനിയൊന്നുമല്ല. കുട്ടികൾക്ക് വീണ്ടും ഭക്തിയുടെ ഫലം പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്. ആരാണോ വന്ന് ബാബയിൽ നിന്ന് പഠിക്കുന്നത് അവരേ സ്വർഗ്ഗത്തിൽ വരൂ, ബാക്കി എല്ലാവരും അവരവരുടെ സെക്ഷനിലേക്ക് പോകും. ഈ ഡ്രാമ-ചക്രത്തെയും മനസ്സിലാക്കണം. ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവായിത്തീരുന്നു. ഗവൺമെന്റും ചക്രം(അശോകചക്രം) ഉണ്ടാക്കിയിട്ടുണ്ട്. 3 സിംഹത്തെ കാണിച്ച് പിന്നെ താഴെ സത്യമേവ ജയതേ എന്ന് എഴുതിയിരിക്കുന്നു. ഇപ്പോൾ ശിവബാബ വന്ന് നിങ്ങൾ എല്ലാ പാർവ്വതിമാർക്കും അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ് - അമരപുരിയുടെ അധികാരിയാക്കാൻ. ഇതിനെ തന്നെയാണ് സത്യനാരായണന്റെ കഥ അഥവാ അമരകഥയെന്ന് പറയുന്നത്. ഈ കഥ ഒരേഒരു തവണ കേട്ട് നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നു. ബാക്കിയെല്ലാം കെട്ടുകഥകളാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. ദേവതാ വർണ്ണത്തിൽ പോകുന്നതിന് വേണ്ടി ഭോജനത്തിൽ വളരെയധികം പത്ഥ്യം പാലിക്കണം. അശുദ്ധമായ ഒരു വസ്തുവും കഴിക്കരുത്.

2. ഈ പഴയ മോശമായ ലോകം ഇപ്പോൾ നശിക്കാൻ പോകുന്നതാണ്, ഇതിൽ നിന്നും പരിധിയില്ലാത്ത വൈരാഗ്യം വെച്ച് സ്വർഗ്ഗത്തിന്റെ രചയിതാവായ ബാബയെ ഓർമ്മിക്കണം.

## വരദാനം:-തന്റെ ശക്തികളും ഗുണങ്ങളും കൊണ്ട് നിർബ്ബലരെ ശക്തിവാന്മാരാക്കി മാറ്റുന്ന ശ്രേഷ്ഠ ദാനിയും സഹയോഗികളുമായി ഭവിക്കട്ടെ.

ശ്രേഷ്ഠ സ്ഥിതിയുള്ള സൽപുത്രരായ കുട്ടികളുടെ സർവ്വ ശക്തികളും സർവ്വ ഗുണങ്ങളും സമയപ്രമാണം സദാ സഹയോഗിയായിരിക്കുന്നു. അവരുടെ സേവയുടെ വിശേഷ സ്വരൂപമാണ്- ബാബ മുഖേന പ്രാപ്തമായ ഗുണങ്ങളും ശക്തികളും അജ്ഞാനീ ആത്മാക്കൾക്ക് ദാനവും ബ്രാഹ്മണാത്മാക്കൾക്ക് സഹയോഗവും നൽകുക എന്നത്. നിർബ്ബലരെ ശക്തിവാന്മാരാക്കി മാറ്റുക- ഇത് തന്നെയാണ് ശ്രേഷ്ഠദാനം അഥവാ സഹയോഗം. വാചാ സേവനവും മനസാ സേവനവും നടത്തുന്നത് പോലെ, പ്രാപ്തമായ ഗുണങ്ങളുടെയും ശക്തികളുടെയും സഹയോഗം മറ്റുള്ള ആത്മാക്കൾക്കും കൊടുക്കൂ, പ്രാപ്തി ചെയ്യിപ്പിക്കൂ.

## സ്ലോഗൻ:- ആരാണോ ദൃഢനിശ്ചയത്തിലൂടെ ഭാഗ്യത്തെ നിശ്ചിതമാക്കുന്നത് അവർ തന്നെയാണ് സദാ നിശ്ചിന്തരായിരിക്കുന്നത്.